പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2408 05.02. 2018 ൽ മറുപടിക്ക്

## വൈദ്യുതി ആഘാതമേറ്റവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

ചോദ്യം

ശ്രീ.കെ.സി.ജോസഫ്

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കണ്ണൂർ ജില്ലയിലെ പയ്യാവൂർ പഞ്ചായത്തിലെ പൈസക്കരിയിൽ 5.6.2017 ന് ബൈക്കിൽ യാത്ര ചെയ്യവെ റോഡിൽ പൊട്ടികിടന്ന വൈദ്യുതി കേബിളിൽ കുരുങ്ങി ബൈക്കിൽ നിന്നും തെറിച്ച് വീണ് ഗുരുതരമായി പരിക്കേൽക്കുകയും, പിന്നീട് ആശുപത്രിയിൽ വച്ച് മരണമടയുകയും ചെയ്ത സതീഷ്കുമാർ എന്നയാൾക്കും, 22.7.2017 ന് കണ്ണൂർ ട്രാൻസ്മിഷൻ സെക്ഷനിലെ തോലമ്പ്ര 33KV സബ് സ്റ്റേഷനിൽ പണിയെടുക്കുന്നതിനിടെ വൈദ്യുതി ആഘാതമേറ്റ് മരണമടഞ്ഞ ബിജു. ടി . എബ്രഹാമിനും, 9.8.2017 ന് സ്വന്തം പുരയിടത്തിൽ പൊട്ടി വീണ് കിടന്ന വൈദ്യുതിലൈനിൽ തട്ടി മരണമടഞ്ഞ എരുവേശ്ശി പഞ്ചായത്തിലെ കോട്ടകുന്ന് ഭാഗം ചക്കാങ്കൽ ആഗസ്റ്റിൻ എന്നയാൾക്കും നഷ്ടപരിഹാരം ലഭിക്കാനായി ഇവരുടെ ആശ്രിതർ നൽകിയ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) 05.06.2017 - ൽ പയ്യാവൂർ ഇലക്ട്രിസിറ്റി സെക്ഷനു കീഴിൽ കണ്ണൂർ ജില്ലയിലെ പയ്യാവൂർ പഞ്ചായത്ത് പരിധിയിൽ സർവ്വശ്രീ തോമസ്, സതീഷ് കുമാർ എന്നീ രണ്ടു പേർ ബൈക്കിൽ യാത്രചെയ്യവേ മറ്റേതോ വാഹനം തട്ടി പൊട്ടിവീണുകിടന്നിരുന്ന വൈദ്യുതി കേബിളിൽ കുരുങ്ങി ഉണ്ടായ മോട്ടോർ ബൈക്ക് അപകടത്തിൽ ശ്രീ. തോമസ് എന്ന വ്യക്തി മരണപ്പെട്ടതായും കൂടെ സഞ്ചരിച്ചിരുന്ന ശ്രീ. സതീഷ് കുമാറിന് നിസ്സാര പരിക്കുകൾ സംഭവിച്ചിട്ടുള്ളതായുമാണ് കെ.എസ്.ഇ.ബി.എൽ-ന് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്.<br>5/6/2017 ൽ മരണപ്പെട്ട ശ്രീ. തോമസ്, 9/8/2017- ൽ മരണപ്പെട്ട അഗസ്റ്റിൻ എന്നിവരുടെ ആശ്രിതർക്ക് ആശ്വാസധനസഹായത്തിന്റെ അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി.എൽ ആവശ്യപ്പെട്ടിട്ടുണ്ട്.<br>22.07.2017 - ന് തോലാമ്പ്ര 33 കെ.വി. സബ് സ്റ്റേഷനിൽ കരാർ ജോലിക്കിടയിൽ വൈദ്യുതാഘാതമേറ്റ് മരണം സംഭവിച്ച കരാറുകാരനായ ശ്രീ. ബിജു. റ്റി. എബ്രഹാമിന്റെ ആശ്രിതർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും പരിപത്രവും 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ ബന്ധപ്പെട്ട Clause-കളും നിലവിൽ തുടർന്നുവരുന്ന കീഴ് വഴക്കങ്ങളും ആയത് ടി അപകടത്തിന്റെ കാര്യത്തിൽ ഒഴിവാക്കപ്പെടുകയാണെങ്കിൽ ഇത്തരം മറ്റ് അപകടങ്ങളുടെ കാര്യത്തിൽ ഉണ്ടായേക്കാവുന്ന നിയമ പ്രശ്നങ്ങളും, മുൻകാല പ്രാബല്യത്തോടെ വന്നേയ്ക്കാവുന്ന സാമ്പത്തിക ബാധ്യതകളും കണക്കിലെടുത്ത് ഭാഗികമായി പൂർത്തീകരിച്ച 66 ശതമാനം കരാർ ജോലിക്ക് കണക്കാക്കിയിരുന്ന ബിൽ തുകയായ 6,63,681/- രൂപ നഷ്ടപരിഹാരമായി അടിയന്തിരമായി എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ ഓഫീസിൽ അനന്തരാവകാശികൾക്ക് നൽകുവാനായി കെട്ടിവയ്ക്കുവാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനിക്കുകയും ബാക്കി നഷ്ടപരിഹാര ബാധ്യത ഉൾപ്പെടെയുള്ള മറ്റ് ബാദ്ധ്യതകൾ ആയതുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ടേക്കാവുന്ന കേസിന്റെ വിധി പ്രകാരം അനന്തര നടപടികൾ എടുക്കാമെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനമെടുത്തിട്ടുണ്ട്. |

| | |
|---|---|
| (ബി) ഇവർക്ക് ആർക്കെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ ; | (ബി) മരണപ്പെട്ട കരാറുകാരനായ ശ്രീ. ബിജു. റ്റി. എബ്രഹാമിന്റെ ആശ്രിതർക്ക് ഭാഗീകമായി പൂർത്തീകരിച്ച 66% കരാർ ജോലിയ്ക്ക് കണക്കാക്കിടിരുന്ന ബിൽ തുകയായ 6,63,681/- രൂപ കോഴിക്കോട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുൻപാകെ കെട്ടിവയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇവർക്ക് എന്ത് നഷ്ടപരിഹാരം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) മരണം സംഭവിച്ച പൊതുജനവിഭാഗത്തിൽ പെടുന്ന ശ്രീ. അഗസ്റ്റിന്റെ ആശ്രിതർക്ക് കെ.എസ്.ഇ.ബി എല്ലിൽ നിലവിലുള്ള 'വൈദ്യുതി സുരക്ഷാപദ്ധതി' പ്രകാരമുള്ള ആശ്വാസധന സഹായത്തിനും വാഹന അപകടമായതിനാൽ മരണപ്പെട്ട ശ്രീ. തോമസിന് വ്യവസ്ഥകൾക്ക് വിധേയമായി ടിയാന്റെ വാഹനത്തിനുള്ള ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ MACT ക്ലെയിം പ്രകാരം അനുവദിക്കപ്പെടുന്നതിനും KSEB Ltd ന്റെ തീരുമാനങ്ങൾക്ക് വിധേയമായി ആശ്വാസധന സഹായത്തിനു അർഹതയുണ്ട്. കരാറുകാരനായിരുന്ന ശ്രീ. ബിജു. റ്റി. എബ്രഹാമിന്റെ ആശ്രിതർക്ക് വ്യവസ്ഥകൾക്കു വിധേയമായി 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമ പ്രകാരമുള്ള നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. |
| (ഡി) നഷ്ടപരിഹാരം നൽകിയിട്ടുണ്ടെങ്കിൽ എത്ര രൂപ വീതം നൽകിയെന്ന് വ്യക്തമാക്കാമോ? | (ഡി) പൊതുജനങ്ങളായ ശ്രീ. തോമസ്, ശ്രീ. അഗസ്റ്റിൻ എന്നിവരുടെ ആശ്രിതർക്ക് ആശ്വാസധനം/നഷ്ടപരിഹാരം അനുവദിക്കുന്നതിനു വേണ്ട നടപടികൾ പുരോഗമിക്കുന്നു.<br>കരാറുകാരനായ ശ്രീ. ബിജു. റ്റി. എബ്രഹാമിന്റെ ആശ്രിതർക്ക് ഭാഗികമായി പൂർത്തീകരിച്ച 66 ശതമാനം കരാർ ജോലിക്ക് കണക്കാക്കിയിരുന്ന ബിൽ തുകയായ 6,63,681/- രൂപ നഷ്ടപരിഹാരമായി അടിയന്തിരമായി എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ ഓഫീസിൽ അനന്തരാവകാശികൾക്ക് നൽകുവാനായി കെട്ടിവയ്ക്കുവാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനിക്കുകയും ബാക്കി നഷ്ടപരിഹാര ബാധ്യത ഉൾപ്പെടെയുള്ള മറ്റ് ബാദ്ധ്യതകൾ ആയതുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ടേക്കാവുന്ന കേസിന്റെ വിധി പ്രകാരം അനന്തര നടപടികൾ എടുക്കാമെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ